**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1598** **13-02-2025 - ൽ മറുപടിയ്ക്ക്**

**കർഷകർക്ക് നെല്ല് സംഭരണ കുടിശിക ലഭ്യമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | നെല്ലിന്റെ വിലയായി നിശ്ചയിച്ചിരിക്കുന്ന തുക എത്രയാണെന്ന് അറിയിക്കുമോ; നിലവിലെ സാഹചര്യത്തിൽ പ്രസ്തുത വില തൃപ്തികരമാണോയെന്ന് വിശദീകരിക്കുമോ; | (എ) | **കേന്ദ്രസർക്കാർ താങ്ങുവിലയായി നിശ്ചയിച്ചിരിക്കുന്നത് ഒരു കിലോയ്ക്ക് 23 രൂപയാണ്. അതിന് പുറമെ സംസ്ഥാന സർക്കാരിന്റെ പ്രോത്സാഹന ബോണസായി 5.20 രൂപയും കൈകാര്യ ചെലവിനായി 12 പൈസയും ചേർത്ത് 28.32 രൂപയ്ക്കാണ് ഒരു കിലോ നെല്ല് സംഭരിക്കുന്നത്. സംസ്ഥാനത്തിന്റെ ഉത്പാദന ചെലവിനനുസരിച്ച് ഉയർന്ന താങ്ങുവില കേരളത്തിലെ കർഷകർക്ക് ലഭ്യമാക്കണമെന്ന് നിരന്തരം കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും പരിഗണന ലഭിച്ചിട്ടില്ല.** |
| (ബി) | കർഷകർക്ക് യഥാസമയം നെല്ലിന്റെ വില ലഭിക്കുന്നുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; നെല്ല് സംഭരിച്ച ഇനത്തിലുള്ള കുടിശിക യഥാസമയം കർഷകർക്ക് ലഭ്യമാക്കുന്നതിനുവേണ്ടി ഒരു റിവോൾവിംഗ് ഫണ്ട് രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോയെന്ന് അറിയിക്കുമോ; | (ബി) | പരിശോധിച്ച് വരുന്നു. |
| (സി) | കഴിഞ്ഞ സാമ്പത്തിക വർഷം നെല്ല് സംഭരണത്തിനായി നൽകിയിരുന്ന തുക മുഴുവനായും കർഷകർക്ക് നൽകിയിട്ടുണ്ടോ; ആയതിന്റെ വിശദാംശം നൽകുമോ? | (സി) | സപ്ലൈകോ നെല്ല് സംഭരിക്കുന്നത് സംഭരണ സീസൺ അടിസ്ഥാനമാക്കിയാണ്. 2023-24 സീസണിൽ കർഷകരിൽ നിന്നും 5.59 ലക്ഷം മെട്രിക് ടൺ നെല്ല് സപ്ലൈകോ സംഭരിച്ചിട്ടുണ്ട്. നെല്ല് സംഭരിച്ചതിന്റെ തുകയായ 1584. 11 കോടി രൂപ സർക്കാർ നിർദ്ദേശാനുസരണം പി.ആർ.എസ് വായ്പയിലൂടെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, കാനറാ ബാങ്ക് എന്നീ ബാങ്കുകൾ മുഖേന കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ